B3

## കേരള സർക്കാർ

### സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ് - M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസ് എന്ന സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**സ്റ്റോർസ് പർച്ചേസ് (ബി) വകുപ്പ്**

**സ.ഉ (സാധാ) നം. 39/എസ്.പി .ഡി തിരുവനന്തപുരം, തീയതി, 08.08.2019.**

=====================================================================

പരാമർശം : -

1. സ.ഉ(സാധാ) നം.2507/2016/H&FWD തീയതി, 06/09/2016
2. തിരുവനന്തപുരം ഗവ.ഡന്റൽ കോളേജിന്റെ 31/2016-17, 32/2016-17 നം. ടെണ്ടറുകൾ
3. 20/03/2017 - ലെ M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിൽ നിന്നുള്ള VMS/ L/1456/2016-17/SS നമ്പർ കത്ത്
4. 20/03/2017 ലെ M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിൽ നിന്നുള്ള VMS/ L/1457/2016-17/SS നമ്പർ കത്ത്
5. തിരുവനന്തപുരം ഗവ.ഡന്റൽ കോളേജ് പ്രിൻസിപ്പാളിന്റെ 05/04/2017 ലെ No.C2/7719/2016/DCT നമ്പർ കത്ത്
6. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 20/07/17 - ലെ P5/11753/2017/DME നമ്പർ കത്ത്
7. സർക്കാറിന്റെ 15/05/2019 ലെ SPD/B3/38/2017-SPD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
8. 19/7/2019- ലെ M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിൽ നിന്നുള്ള VMS/ L/390/19-20/എ നമ്പർ മറുപടി

### <u>ഉത്തരവ്</u>

2016-2017 സാമ്പത്തിക വർഷം തിരുവനന്തപുരം ഗവ.ഡന്റൽ കോളേജിലേക്ക് എക്സാമിനേഷൻ ഗ്ലൗസ് (Large, Medium & Small) വാങ്ങുന്നതിന് 10 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് പരാമർശം (1) പ്രകാരം പുറപ്പെടുവിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ എക്സാമിനേഷൻ ഗ്ലൗസ് (Medium & Small) വാങ്ങുന്നതിനായി തിരുവനന്തപുരം ഗവ. ഡന്റൽ കോളേജ് പ്രിൻസിപ്പൽ ടെണ്ടർ നടപടികൾ പരാമർശം (2) പ്രകാരം സ്വീകരിക്കുകയും ചെയ്തു.

ഇതേ തുടർന്ന് ലഭ്യമായ ടെണ്ടറുകളിൽ നിന്നും താഴ്ന്ന തുക ക്വോട്ട് ചെയ്ത M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസ് എന്ന സ്ഥാപനവുമായി ചർച്ച നടത്തുകയും, ചർച്ചയിൽ ടി സ്ഥാപനം ക്വോട്ട് ചെയ്ത തുകയിൽ വീണ്ടും കറവ് വരുത്താമെന്ന് 20/01/2017-ൽ അറിയിക്കുകയും

(.......2)

ചെയ്തു. 28/01/2017-ൽ ടി സ്ഥാപനത്തിന് എക്സാമിനേഷൻ ഗ്ലൗസ് (Medium&Small) വാങ്ങുന്നതിനായുള്ള സപ്ലൈ ഓർഡർ നൽകുകയുണ്ടായി.

എക്സാമിനേഷൻ ഗ്ലൗസുകൾ വാങ്ങുന്നതിനായുള്ള ടെണ്ടർ കണ്ടീഷനുകളുടെ ഭാഗമായി തന്നെ ടെണ്ടർ സമർപ്പിക്കുന്ന തീയതി മുതൽ ഒരു വർഷം ക്വോട്ട് ചെയ്ത നിരക്കുകളുടെ firmness period ആയി നിഷ്കർഷിച്ചിരുന്നു. എന്നാൽ രണ്ട് മാസങ്ങൾക്ക് ശേഷം 20/03/2017-ൽ ടി സ്ഥാപനം, എക്സാമിനേഷൻ ഗ്ലൗസിനായുള്ള ലാറ്റക്സിന്റെ അസംസ്കൃത വസ്തുക്കൾക്കുള്ള വിലവർദ്ധിച്ചതിനാൽ, ടി ഐറ്റം സപ്ലൈ ചെയ്യാൻ കഴിയുകയില്ല എന്ന് പരാമർശം (3),(4) കത്തുകൾ പ്രകാരം ഗവ.ദന്തൽ കോളേജ് പ്രിൻസിപ്പലിനെ അറിയിച്ച് കൊണ്ട്, ടി സപ്ലൈ ഓർഡറിൽ നിന്ന് ഏകപക്ഷീയമായി പിന്മാറുകയുണ്ടായി. രോഗികളുടെ ചികിത്സയ്ക്ക് അത്യന്താപേക്ഷിതമായ എക്സാമിനേഷൻ ഗ്ലൗസ് വിതരണം ചെയ്യാനുള്ള കരാറിൽ ഏർപ്പെട്ട ശേഷമുള്ള M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിന്റെ പെട്ടെന്നുള്ള പിന്മാറ്റം ഒട്ടേറെ ബുദ്ധിമുട്ടുകൾ ഡന്റൽ കോളേജിന് സൃഷ്ടിച്ചു. ഇക്കാര്യം ചൂണ്ടിക്കാട്ടി M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിനെതിരെ നടപടികൾ സ്വീകരിക്കണമെന്ന് ദന്തൽ കോളേജ് പ്രിൻസിപ്പൽ പരാമർശം (5) പ്രകാരം , മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെടുകയും, പരാമർശം (6) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ടി സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിനോടഭ്യർത്ഥിക്കുകയും ചെയ്തു.

ഇതേതുടർന്ന് M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിനെതിരെ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 5.25 പ്രകാരം കരിമ്പട്ടികയിൽപെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തീരുമാനിക്കുകയും, കരിമ്പട്ടികയിൽപെടുത്തുന്ന നടപടികളുടെ ഭാഗമായി M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിന് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. തുടർന്ന് 19/07/2019-ൽ ടി സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ണറിനെ നേരിൽ കേൾക്കുകയും ചെയ്തു.

ടിയാനെ നേരിൽകേട്ട വേളയിൽ ബോധിപ്പിച്ചതും, പരാമർശം (8) പ്രകാരം രേഖാമൂലം നൽകിയതുമായ വിശദീകരണങ്ങൾ, വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. എക്സാമിനേഷൻ ഗ്ലൗസിനായുള്ള ലാറ്റക്സ് മെറ്റീരിയൽസിന്റെ ഡോളർ വിലയിൽ വ്യതിയാനം വന്നതുകാരണമാണ് കരാറിൽ നിന്ന് പിന്മാറേണ്ടി വന്നതെന്നാണ് പരാമർശം (8) പ്രകാരം ടി സ്ഥാപനം രേഖാമൂലം അറിയിച്ചിരിക്കുന്നത്. ടി ഐറ്റം വിതരണം ചെയ്യുന്നതിനുള്ള എല്ലാ ടെണ്ടർ കണ്ടീഷനുകളും, സപ്ലൈ ചെയ്യേണ്ട നിരക്കുമടക്കം അംഗീകരിച്ചുകൊണ്ട് കരാറിൽ ഏർപ്പെട്ട ശേഷം, M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിന്റെ ടി സപ്ലൈ ഓർഡറിൽ നിന്നുള്ള ഏകപക്ഷീയമായ പിന്മാറ്റം, നിലവിലെ സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകളുടെ ഗുരുതരമായ ലംഘനമാണ്. ജീവൻരക്ഷാ ഉപകരണങ്ങളും മരുന്നുകളും സപ്ലൈ ചെയ്യാൻ ബാധ്യതപ്പെട്ട സ്ഥാപനങ്ങൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ട ശേഷം, ഇത്തരത്തിൽ പെട്ടെന്ന് പിന്മാറുന്നത് ആതുര ശുശ്രൂഷാ രംഗത്ത് ഗുരുതരമായ ഭവിഷ്യത്തുകൾക്ക് കാരണമാകും. മറ്റേത് മേഖലയെക്കാളുപരി ഈ മേഖലയിൽ വിതരണം നടത്തുന്ന സ്ഥാപനങ്ങളുടെ വിശ്വാസ്യത, ഒരു 'buyer' എന്ന നിലയിൽ സർക്കാരിന് ഉറപ്പ് വരുത്തേണ്ടതുണ്ട്. തിരുവനന്തപുരം ദന്തൽ കോളേജിലേക്കുള്ള എക്സാമിനേഷൻ ഗ്ലൗസ് വിതരണത്തിൽ നിന്നും ഏകപക്ഷീയമായി പിന്മാറിയ M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസ്, കരിമ്പട്ടികയിൽ പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനെതിരെ ബോധിപ്പിച്ച കാരണങ്ങളൊന്നും

( ....3)

തന്നെ ടി സ്ഥാപനത്തിന്റെ വിശ്വാസ്യത ഉറപ്പ് വരുത്തുന്നതിന് ഉതകുന്നവയല്ല എന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ, എല്ലാ സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സ്വയംഭരണസ്ഥാപനങ്ങൾ, തുടങ്ങി കേരള സ്റ്റോർസ് പർച്ചേസ് മാന്വൽ ബാധകമായിട്ടുള്ള എല്ലാ സ്ഥാപനങ്ങളും, M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിൽ നിന്ന് സാധനസാമഗ്രികൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തികൊണ്ട്, M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിനെ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 5.25 പ്രകാരം കരിമ്പട്ടികയിൽ പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം )

**മനോജ് ജോഷി**

***ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി***

പകർപ്പ്:-

M/s വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസ്, മെഡിക്കൽ കോളേജ് പോസ്റ്റ് ഓഫീസിന് എതിർ വശം, തിരുവനന്തപുരം, പിൻ- 695 011

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (Health-K3/100/2017-Health നമ്പർ ഫയൽ പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ആഡിറ്റ്), കേരളം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർ/സർവകലാശാല/പൊതുമേഖല/സ്വയംഭരണ സ്ഥാപന മേധാവികൾക്കും

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം ഉൾപ്പെടെ)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർ ,ഗ്രാമവികസന കമ്മീഷണർ (എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കുന്നതിനായി)

സി-ഡിറ്റ്, ഗോർക്കി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (സ്റ്റോർസ് പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ